**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2686** **24-06-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ വൈദ്യുതോൽപ്പാദന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പുരപ്പുറ സോളാർ പദ്ധതിയിൽ 2024-ൽ എത്ര ഗാർഹിക ഉല്പാദകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; വിശദമാക്കാമോ; | (എ) | കേന്ദ്ര പദ്ധതിയായ പി.എം. സൂര്യഘർ പദ്ധതിയിൽ 2024 വർഷം 2,12,611 അപേക്ഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 49,277 പേർ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 35 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 8,999 പ്ലാന്റുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ 2024 വർഷം സൗര സബ്സിഡി പദ്ധതി പൂർത്തിയായ 23.03.24 വരെ 6,437 അപേക്ഷകർ രജിസ്റ്റർ ചെയ്യുകയും, ആയതിൽ 7.818 MW സ്ഥാപിത ശേഷിയോടെ 1922 പ്ലാന്റുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി കൂടുതൽ ആകർഷകമാക്കാനും വ്യാപിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. പുരപ്പുറ സോളാർ പദ്ധതി ആകർഷകമാക്കുന്നതിനു വേണ്ടി ഗാർഹിക സോളാർ പ്ലാന്റിന് കേന്ദ്ര ഗവൺമെന്റിന്റെ MNRE മന്ത്രാലയം വഴി സബ്സിഡി ലഭ്യമാക്കുന്നുണ്ട്. സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ **'പി. എം. സൂര്യ ഘർ'** പ്രഖ്യാപിക്കുകയും പഴയ സബ്സിഡി പദ്ധതികൾ നിർത്തലാകുകയും ചെയ്തു. നിലവിൽ 1 kW - നു 30,000/- രൂപയും 2 kW - നു 60,000/- രൂപയും 3 kW - നും അതിനു മുകളിലും 78,000/ രൂപയുമാണ് സബ്സിഡിയായി നൽകി വരുന്നത്. ഇതിനു https://pmsuryaghar.gov.in എന്ന നാഷണൽ പോർട്ടൽ വഴിയാണ് അപേക്ഷിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ